DOI: https://doi.org/10.46632/cllrm/4/5/9
Contemporaneity of Language and Literature in the Robotized Millennium
Vol: 4(5), 2022
REST Publisher; ISBN: 978-81-936097-3-6
Website: http://restpublisher.com/book-series/cllrm/

# സൈബറിടങ്ങളിലെ ഭാഷാപഠനം

**എം. അജയ് ലാൽ**, ഗവേഷകൻ
മലയാള ഗവേഷകവിഭാഗം ,മലബാർ ക്രിസ്ത്യൻ കോളേജ്
ajaylal.m1995@gmail.com

ഒരുമിച്ച് ജീവിക്കാൻ തുടങ്ങിയത് മുതൽ തൻറെ വ്യക്തിപരവും സാമൂഹികവുമായ ഒട്ടേറെ ചിന്തകളും അനുഭവങ്ങളും മറ്റുള്ളവരെ അറിയിക്കാൻ വേണ്ടി മനുഷ്യന് ഒരു മാധ്യമത്തിന്റെ ആവശ്യമുണ്ടായി. ഇത് മനുഷ്യനെ ഭാഷ എന്ന ഉപാധിയിലേക്ക് നയിച്ചു. സാമൂഹ്യജീവിയായ മനുഷ്യൻ തന്റെ ആശയങ്ങൾ വിനിമയം ചെയ്യുന്നതിനായി ഉപയോഗിച്ച ഉപാധിയാണ് ഭാഷ. ആദ്യകാലത്ത് ആംഗ്യഭാഷക്കൊണ്ട് ( കൈ, ചുണ്ട്, തല, ... തുടങ്ങിയ അവയവങ്ങളുടെ ചലനങ്ങൾ കൊണ്ട്) ആശയവിനിമയത്തിന് സാധിച്ചിരുന്നുവെങ്കിലും എല്ലാ സാഹചര്യത്തിലും ഉറവിടത്തിൽ നിന്നുള്ള വികാരങ്ങളെയും അർത്ഥങ്ങളെയും അതേപോലെ സ്വീകർത്താവിലെത്തിക്കാൻ ആംഗ്യഭാഷയ്ക്ക് സാധിച്ചില്ല. ഇത് ആശയവിനിമയത്തിൽ ആംഗ്യഭാഷയേക്കാൾ ഭാഷണത്തിനും ലേഖനത്തിനും പ്രാധാന്യം ലഭിക്കാൻ കാരണമായി. ഉള്ളൂരിന്റെ അഭിപ്രായത്തിൽ ഭാഷ എന്നത് ഒരുവൻ തന്റെ അന്തർഗതം അന്യനെ ധരിപ്പിക്കുന്നതിന് വേണ്ടി ഉച്ചരിക്കുന്നതും ഏതെങ്കിലും ഒരു ജനസമൂഹത്തിലെ സങ്കേതം അനുസരിച്ച് അന്യനെ ധരിപ്പിക്കുവാൻ പര്യാപ്തവുമായ വർണാത്മക ശബ്ദങ്ങളുടെ സമൂഹമാണ്. ഭൂമിശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവുമായി കൂടിച്ചേർന്ന് നിൽക്കുന്ന ഒരു സങ്കേതമാണ് ഭാഷ. ഈ അതിർവരമ്പുകൾ ലോകത്തിന് ഏകദേശം 7100 ലധികം സംസാരഭാഷകളെ സംഭാവന ചെയ്തു. ലോകത്ത് ഒരുപാട് ഭാഷയുണ്ടെങ്കിലും അതിൽ ഓരോരുത്തർക്കും ഏറ്റവും പ്രിയപ്പെട്ടത് തന്റെ ഹൃദയ ഭാഷയായ മാതൃഭാഷ തന്നെയായിരിക്കും. താൻ ജനിച്ച വളർന്ന സമൂഹത്തിൽനിന്ന് പ്രഥമമായി ഒരു വ്യക്തി ഗ്രഹിച്ചെടുക്കുന്ന ഭാഷയെയാണ് പൊതുവെ മാതൃഭാഷയെന്ന് പറയാറുള്ളത്. അതുകൊണ്ടാണല്ലോ വള്ളത്തോൾ ഇങ്ങനെ പറഞ്ഞത്.

" മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻഭാഷതാൻ. "

ഏതൊരു മനുഷ്യൻറേയും ഹൃദയത്തോട് ചേർന്ന് നിൽക്കുന്നത് അവന്റെ മാതൃഭാഷയാണ്. അതുകൊണ്ടുതന്നെയാണല്ലോ പ്രധാനപ്പെട്ട സന്ദർഭങ്ങളിൽ മനുഷ്യർ വികാരപ്രകടനത്തിന് മാതൃഭാഷ ഉപയോഗിക്കുന്നത്. മലയാളി തനിക്ക് ഏറ്റവും വലിയ പ്രതിസന്ധിയോ, അപകടമോ നേരിടുമ്പോൾ മാതാവെന്നോ, മമ്മിയെന്നോ വിളിക്കാതെ അമ്മയെന്ന് വിളിക്കുന്നതും അതുകൊണ്ട് തന്നെ. അവൻ തന്റെ മാതാവിനോളം തന്നെ തന്റെ മാതൃഭാഷയെയും സ്നേഹിക്കുന്നുവെന്നതിന് തെളിവാണിത്.

വിദ്യാഭ്യാസത്തിൻറെ പ്രാഥമിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലും ഭാഷാപഠനം വിദ്യാർത്ഥികളെ സഹായിക്കുന്നു. വിമർശനാത്മക- സർഗാത്മക ചിന്തയ്ക്കും പ്രശ്നപരിഹാരത്തിനും അനുയോജ്യമായ പ്രവർത്തനങ്ങളിലൂടെ ചിന്താശേഷി വികസിപ്പിക്കാൻ മാതൃഭാഷയ്ക്ക് സാധിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ വ്യക്തിത്വ വികസനത്തിനു സഹായിക്കുന്ന അനുഭവങ്ങൾ നൽകുന്നതിനും ഭാഷാപഠനം സഹായകമാകുന്നുണ്ട്. പരസ്പരാശ്രയത്വം, സഹകരണം തുടങ്ങിയവയ്ക്ക് ഭാഷ കൂടാതെ കഴിയില്ല. തന്റെ ചുറ്റുമുള്ള കൂട്ടായ്മകളിൽ ഇടപെടാൻ ഭാഷ അവനെ പ്രാപ്തനാക്കുന്നു. വീട്ടിലും വിദ്യാലയത്തിലും സമൂഹത്തിലും തങ്ങളുടേതായ ഉത്തരവാദിത്വങ്ങൾ സ്വന്തമായി നിറവേറ്റുന്നതിന് ആവശ്യമായ സാഹചര്യമൊരുക്കുന്നതിനും ഒരു നല്ല

Copyright@ 2022 REST Publisher

പൗരന്റെ കടമകളെക്കുറിച്ച് അവനെ ബോധ്യപ്പെടുത്താനും ഭാഷാപഠനം സഹായിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ജീവിതഗന്ധിയായ പഠനം സാധ്യമാക്കുന്നതിൽ ഭാഷാ പഠനങ്ങൾ വലിയ പങ്കു വഹിക്കുന്നു.

വിമർശനാത്മകചിന്ത, സർഗാത്മകത, സഹകരണബോധം, സഹിഷ്ണുത, ആശയവിനിമയം തുടങ്ങിയ ഭാഷാപഠന ലക്ഷ്യങ്ങളോടൊപ്പം തന്നെ പുത്തനറിവുകളും അനുഭവങ്ങളും നൽകാനും, ചിന്തയുടെ വികാസം, സ്വയം പര്യാപ്തത, ശീലങ്ങളുടെയും നൈപുണികളുടെയും രൂപീകരണവും വളർച്ചയും, വ്യക്തിത്വവികസനം തുടങ്ങിയ പൊതുലക്ഷ്യങ്ങൾ നേടിയെടുക്കാനും വിദ്യാർത്ഥികളെ ഭാഷാപഠനം സഹായിക്കുന്നുണ്ട്. പുതിയ സാഹിത്യരൂപങ്ങൾ പരിചയപ്പെടാനും അവയെ ആസ്വദിക്കാനും ആ അനുഭവങ്ങളിലൂടെ ലഭിക്കുന്ന അറിവുപയോഗിച്ച് പുതിയ സാഹിത്യസൃഷ്ടി നടത്താനും ഭാഷാപഠനം സഹായിക്കുന്നു.

ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിനും വ്യക്തിത്വവികസനത്തിനും മാതൃഭാഷയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും പകർന്നു കൊടുക്കുന്നതും മാതൃഭാഷതന്നെ. എന്നാൽ ആധുനീകരണത്തിന്റെയും ആഗോളീകരണത്തിന്റെയും കാലത്ത് ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്കുപോലും മലയാളം തെറ്റില്ലാതെ ഉപയോഗിക്കാനാവാത്ത അവസ്ഥ നിലനിൽക്കുന്നു. മറ്റു വിഷയങ്ങളിൽ നിന്നു വ്യത്യസ്തമായി അറിവുനേടുന്നതിനപ്പുറം മാനുഷികമൂല്യങ്ങളും സംസ്കാരികാവബോധവും വളർത്തിയെടുക്കുന്നതിലും ഭാഷാപഠനം സഹായിക്കുന്നു. എന്നാൽ ഭാഷയെ കേവലം മാർക്കു വാങ്ങുവാനുള്ള ഒരു വിഷയം മാത്രമായി പുതുതലമുറ കണക്കാക്കിക്കഴിഞ്ഞിരിക്കുന്നു. ഭാഷാ പഠനത്തെ ഇത്തരത്തിലേക്കു തരംതാഴ്ത്തുന്നതുവഴി നമുക്കു നഷ്ടപ്പെടുന്നത് ഭാഷയെ മാത്രമല്ല നമ്മുടെ വ്യക്തിത്വവും പൈതൃകവും സാംസ്കാരികത്തനിമയും മാനുഷികമൂല്യങ്ങളുമാണ്.

ഈ സാഹചര്യത്തിലാണ് സാമൂഹ്യമാധ്യമങ്ങളുടെ കടന്നുവരവ്. മനുഷ്യന് തന്റെ ഇഷ്ടാനിഷ്ടങ്ങളെയും ആശയങ്ങളെയും നിമിഷങ്ങൾക്കകം മറ്റൊരാളിൽ എത്തിക്കാൻ സാമൂഹികമാധ്യമങ്ങൾ സഹായിച്ചു. കോവിഡാനന്തര കാലത്ത് സൈബർ മേഖലയിൽ വന്ന മാറ്റങ്ങൾ വലുതായിരുന്നു. സൈബർ ഇടം എന്ന് അർത്ഥം വരുന്ന സൈബർ സ്പേസ് എന്ന പദം ആദ്യമായി ലോകം കേട്ടത് 1984– ലെ വില്യം ഗിബ്സന്റെ ശാസ്ത്ര നോവലായ ന്യൂറോമാൻസർ എന്ന നോവലിലൂടെയാണ്. കേവലം ഒരു കൽപ്പന മാത്രമായി അന്നത്തെ വായനക്കാർക്ക് തോന്നിയ സൈബർ സ്പേസ് ഇപ്പോൾ പിറന്നുവീഴാൻ പോകുന്ന കുട്ടിക്ക് കൂടി അവകാശപ്പെട്ടിരിക്കുന്നുവെന്നത് കാലം കാത്തുവെച്ച സമ്മാനമാണ്. കല്ലിലും കളിമൺ കട്ടയിലും തുടങ്ങിയ ലിഖിതരീതി പിന്നീട് അച്ചടിയന്ത്രവും കടന്ന് സൈബറിടങ്ങളിലെത്തിയിരിക്കുന്നു. ഒരു ആശയം നിമിഷങ്ങൾക്കകം ലോകത്തിന്റെ ഒരു കോണിൽ നിന്നും മറ്റൊരു കോണിലെത്തുന്നു. വാമൊഴിയും വരമൊഴിയും കടന്ന് തിരമൊഴിയിൽ എത്തി നിൽക്കുമ്പോൾ ആശയവിനിമയരംഗത്ത് വലിയ മുന്നേറ്റങ്ങളാണ് നടന്നതെന്ന് പറയാൻ സാധിക്കും. പത്രങ്ങളുടെയും മാസികകളുടെയും പുസ്തകങ്ങളുടെയും പ്രസിദ്ധീകരണത്തിന് വേണ്ടിയായിരുന്നു കേരളത്തിൽ ആദ്യകാലങ്ങളിൽ കമ്പ്യൂട്ടർ കൂടുതലായി ഉപയോഗിച്ചിരുന്നത്. മലയാള ഭാഷയ്ക്ക് സൈബറിടങ്ങളിൽ കൂടുതൽ പ്രചാരം ലഭിച്ചത് സാമൂഹിക മാധ്യമങ്ങളുടെ കടന്നുവരവോടുകൂടിയാണ്. ഇതിൽ ബ്ലോഗിന്റെ കടന്നുവരവ് സൈബർ ഇടങ്ങളിൽ മലയാളത്തിന്റെ വ്യാപനത്തിന് ആക്കംകൂട്ടി. ഏതു വ്യക്തിയുടെയും മനസ്സിൽ ഉടലെടുക്കുന്ന ആശയങ്ങൾ നിമിഷനേരം കൊണ്ട് പ്രിയപ്പെട്ടവരുമായി പങ്കുവയ്ക്കാൻ സാമൂഹിക മാധ്യമങ്ങൾ അവരെ സഹായിച്ചു.

കോവിഡ് സമയത്ത് വിദ്യാഭ്യാസമേഖല ഏറ്റവും കൂടുതൽ പരിചയപ്പെട്ട കാര്യമാണ് ഓൺലൈൻ പഠനം. അതുവരെ നിലനിന്നിരുന്ന അധ്യാപക വിദ്യാർത്ഥി ബന്ധങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു ഈ പഠനരീതി . സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഓൺലൈൻ പഠന സാധ്യതകൾ നിലനിന്നിരുന്നുവെങ്കിലും ഇതിന് വലിയ രീതിയിലുള്ള പ്രചാരം ലഭിച്ചത് കോവിഡ് കാലഘട്ടത്തിലാണെന്ന് കണക്കുകൾ പറയുന്നു. പരമ്പരാഗതമായിട്ടുള്ള ക്ലാസ്സ്റൂമിൽ നിന്ന് വ്യത്യസ്തമായി എവിടെ ഇരുന്നും പഠിക്കാം എന്ന

സാഹചര്യത്തിലേക്ക് ഓൺലൈൻ പഠനങ്ങൾ വിദ്യാഭ്യാസമേഖലയെ എത്തിച്ചു. സമീപകാലത്തായി ലോകത്തിൽ എവിടെയും ഡിജിറ്റൽ പഠനം എന്നത് സർവ്വസാധാരണമായിക്കൊണ്ടിരിക്കുകയാണ്. ഓൺലൈൻ പഠനം എന്നത് വെറും അക്കാദമിക് നേട്ടങ്ങൾക്ക് വേണ്ടി മാത്രമുള്ളതല്ല, അവ പാഠ്യേതരപ്രവർത്തനങ്ങളിലുള്ള കുട്ടികളുടെ കഴിവുകൾ വർധിപ്പിക്കുന്നതിലും സഹായിക്കുന്നു. കഴിഞ്ഞ കുറച്ച് കാലങ്ങളായി ഓൺലൈൻ പഠനത്തിൽ വലിയ രീതിയിലുള്ള വർധനവുണ്ടായതായി പഠനങ്ങൾ പറയുന്നു. ഓൺലൈൻ പഠനത്തിലുണ്ടായ ഈ മുന്നേറ്റം പുതിയ കോഴ്സുകളുടെ ആവിർഭാവത്തിനും അതോടൊപ്പം തന്നെ വിദ്യാഭ്യാസ മേഖലയിലെ വൻ കുതിച്ചുചാട്ടത്തിനും സമൂഹത്തെ സഹായിച്ചു.

വിദ്യാഭ്യാസമേഖലയെ കൂടുതൽ കാര്യക്ഷമമാക്കി മാറ്റാൻ ഓൺലൈൻ പഠനത്തിന് സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പാഠഭാഗങ്ങൾ, പുത്തൻ അറിവുകൾ എന്നിവ ലഭ്യമാക്കുന്ന വീഡിയോകൾ, PDF-കൾ, പോഡ്കാസ്റ്റുകൾ, ചിത്രങ്ങൾ, ശബ്ദ ശകലങ്ങൾ തുടങ്ങിയ ഒട്ടനവധി കാര്യക്ഷമമായ ടൂളുകൾ ഓൺലൈൻ പഠനം അധ്യാപകർക്കും വിദ്യാത്ഥികൾക്കും വാഗ്ദാനം ചെയ്യുന്നു. പരമ്പരാഗത പാഠപുസ്തകങ്ങൾക്കപ്പുറം ഓൺലൈൻ സ്രോതസ്സുകൾ ഉൾപ്പെടുത്തുന്നതിനായി പാഠ്യപദ്ധതി വിപുലീകരിക്കുന്നതിലൂടെ, പഠനം കൂടുതൽ കാര്യക്ഷമതയുള്ളതായി മാറും. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ മറ്റൊരു നേട്ടം വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള സ്ഥലത്തുനിന്ന് ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയുമെന്നതാണ്. ഭൂമിശാസ്ത്രപരമായ അതിരുകളാൽ പരിമിതപ്പെടുത്തുന്നതിനുപകരം കൂടുതൽ വിപുലമായ വിദ്യാർത്ഥികളുടെ ശൃംഖലയിലേക്ക് എത്തിച്ചേരാനും ഇത് സ്കൂളുകളെയും വിദ്യാർഥികളെയും അനുവദിക്കുന്നു. കൂടാതെ, ഓൺലൈൻ പ്രഭാഷണങ്ങൾ റെക്കോർഡുചെയ്യാനും ആർക്കൈവ് ചെയ്യാനും ഭാവി റഫറൻസിനായി പങ്കിടാനും കഴിയും. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സമയത്ത് പഠന സാമഗ്രികൾ ലഭ്യമാക്കാനും ഇത് അനുവദിക്കുന്നു.

ഓൺലൈൻ പഠനത്തിന്റെ മറ്റൊരു നേട്ടം സാമ്പത്തികമായ ചെലവ് കുറവാണെന്നുള്ളതാണ്. പരമ്പരാഗത പഠനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഓൺലൈൻ വിദ്യാഭ്യാസം മിതമായ നിരക്കിൽ കുട്ടികൾക്ക് ലഭ്യമാകുന്നു. ഓൺലൈൻ പഠനം വിദ്യാർത്ഥികളുടെ ഗതാഗതം, പഠനവസ്തുക്കൾ തുടങ്ങി ഒട്ടനവധി ചെലവുകൾ ഇല്ലാതാക്കുന്നു. കൂടാതെ, എല്ലാ കോഴ്സും പഠന സാമഗ്രികളും ഓൺലൈനിൽ ലഭ്യമാണ്. ഇത് കടലാസ് രഹിത പഠനാന്തരീക്ഷം സൃഷ്ടിക്കുകയും പരിസ്ഥിതിക്ക് കൂടുതൽ പ്രയോജനകരമാവുകയും ചെയ്യുന്നു.

ഓൺലൈൻ കോഴ്സുകളിലും, ഓൺലൈൻ ക്ലാസ്സുകളിലും എവിടെ നിന്നും പങ്കെടുക്കാമെന്നത് വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നഷ്ടപ്പെടാനുള്ള സാധ്യത കുറക്കുന്നു. അതുമാത്രമല്ല ക്ലാസുകൾ റെക്കോർഡ് ചെയ്യാനും വീണ്ടും ആവശ്യാനുസരണം അവ ഉപയോഗിക്കാനും ഓൺലൈൻ പഠനത്തിലൂടെ സാധിക്കും. പങ്കെടുക്കേണ്ട പരിപാടികൾ, ശാരീരികമായ പ്രതിസന്ധികൾ മറ്റു കാരണങ്ങൾ എന്നിവ കൊണ്ട് ക്ലാസുകൾ നഷ്ടപ്പെടുകയാണെങ്കിൽ അത് പിന്നീട് ലഭ്യമാക്കാനും ഇത്തരത്തിലുള്ള ഓൺലൈൻ ടൂളുകൾ സഹായിക്കുന്നു.

ഓരോ വിദ്യാർത്ഥിക്കും വ്യത്യസ്തമായ പഠന ശൈലിയാണുള്ളത്. ചില വിദ്യാർത്ഥികൾ വിഷ്വൽ പഠിതാക്കളാണ്, ചില വിദ്യാർത്ഥികൾ ഓഡിയോയിലൂടെ പഠിക്കാൻ ഇഷ്ടപ്പെടുന്നു. അതുപോലെ, ചില വിദ്യാർത്ഥികൾ ക്ലാസ് മുറിയിൽ അഭിവൃദ്ധി പ്രാപിക്കുന്നു. മറ്റ് വിദ്യാർത്ഥികൾ വലിയ ഗ്രൂപ്പുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പഠിതാക്കളാണ്. ഓൺലൈൻ പഠന സംവിധാനം വിദ്യാർഥികളുടെ ആവശ്യാനുസരണം പല തരത്തിൽ വ്യക്തിഗതമാക്കാനാകും. ഓരോ വിദ്യാർത്ഥിയുടെയും ആവശ്യങ്ങൾക്ക് അനുയോജ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗമാണിത്. അനന്തമായ സാഹിത്യലോകത്തേക്കുള്ള ഒരു പുതിയ ജാലകമായി പ്രവർത്തിക്കാനും സമീപകാലത്ത് ഓൺലൈൻ പഠനത്തിന് സാധിക്കുന്നുണ്ട്. ഭാഷാ പഠനത്തെയും ഭാഷാ വളർച്ചയെയും സൈബറിടങ്ങൾ വലിയ രീതിയിൽ സഹായിക്കുന്നുണ്ടെന്ന് നമുക്ക് കാണാവുന്നതാണ്. ഏതൊരു നാണയത്തിനും ഇരുവശങ്ങളുണ്ടെന്നതുപോലെ തന്നെ ഓൺലൈൻ

പഠനത്തിനും ഗുണങ്ങളോടൊപ്പം തന്നെ ദോഷങ്ങളും നിലനിൽക്കുന്നു. ഓൺലൈൻ പഠനത്തിന്റെ ഏറ്റവും വലിയ ബുദ്ധിമുട്ടുകളിലൊന്ന് അവരുടെ ശ്രദ്ധ ദീർഘനേരം നിലനിർത്താനുള്ള കഴിവില്ലായ്മയാണ്. കൂടാതെ, ഓൺലൈൻ പഠനം വിദ്യാർത്ഥികളെ സോഷ്യൽ മീഡിയകളിലേക്കോ മറ്റ് വെബ്സൈറ്റുകളിലേക്കോ എളുപ്പത്തിൽ വഴിതെറ്റിക്കാനും ഇതുവഴി സമയനഷ്ടം സംഭവിക്കാനും സാധ്യതയുണ്ട്. വിദ്യാർത്ഥികൾ കോഴ്സിൽ ശ്രദ്ധാലുവായിരിക്കുന്നുവെന്ന് ഉറപ്പാക്കാൻ, അധ്യാപകർ അവരുടെ ഓൺലൈൻ പാഠങ്ങൾ കഴിയുന്നത്ര സംക്ഷിപ്തവും രസകരവും സംവേദനാത്മകവുമായി നിലനിർത്തണം. ഒരുപാട് സമയം സ്ക്രീനിൽ ശ്രദ്ധിക്കുന്നതുവഴി ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ വിദ്യാർത്ഥികൾ നേരിടാനുമിടയുണ്ട്.

ഓൺലൈൻ പഠനത്തിനുള്ള മറ്റൊരു പ്രധാന പ്രശ്നമാണ് ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ലാപ്ടോപ്, കമ്പ്യൂട്ടർ എന്നിവയുടെ ലഭ്യത കുറവ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്റർനെറ്റ് ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും, ഗ്രാമങ്ങളിലും, ചെറിയ പട്ടണങ്ങളിലും മതിയായ വേഗതയിൽ ഇന്റർനെറ്റ് കണക്ഷൻ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. വിദ്യാർത്ഥികൾക്കും അവരുടെ അധ്യാപകർക്കും മതിയായ വേഗതയുള്ള ഇന്റർനെറ്റ് കണക്ഷൻ ഇല്ലെങ്കിൽ കുട്ടിയുടെ പഠനം തുടർച്ചയായി നടക്കണമെന്നില്ല. ഇത് വിദ്യാഭ്യാസ പ്രക്രിയയെ ദോഷകരമായി ബാധിക്കും. സ്മാർട്ട് ഫോണുകൾ, ലാപ്ടോപ്പുകൾ കമ്പ്യൂട്ടറുകൾ എന്നിവയുടെ അടിസ്ഥാന വില സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് താങ്ങാൻ കഴിയാത്തത് ഓൺലൈൻ പഠനം കൂടുതൽ ആളുകളിലേക്ക് എത്തുന്നതിന് തടസ്സമാകുന്നു. സഹപാഠികളോടൊപ്പമുള്ള പഠനം വിദ്യാർത്ഥികൾക്ക് ധാരാളം പഠന അവസരങ്ങളും അനുഭവങ്ങളും നൽകുന്നു. എന്നാൽ ഒരു ഓൺലൈൻ കോഴ്സിൽ വിദ്യാർത്ഥികളും പ്രഭാഷകരും തമ്മിൽ വ്യക്തിപരമായ ഇടപെടലുകൾ താരതമ്യേന കുറവാണ്. ഇതുമൂലം വിദ്യാർത്ഥികൾക്ക് പലപ്പോഴും ഏകാന്തത അനുഭവപ്പെടുന്നു. ഈ സാഹചര്യത്തിൽ കുട്ടികൾക്കും സമപ്രായക്കാർക്കും അധ്യാപകർക്കും ഇടയിൽ ആശയവിനിമയത്തിനുള്ള മറ്റ് രീതികൾ കണ്ടെത്തേണ്ടത് ആവശ്യമാണ്. മുഖാമുഖ ആശയവിനിമയം സാധ്യമാക്കുന്ന വീഡിയോ കോൺഫ്രൻസ് പോലുള്ള രീതികൾ ഓൺലൈൻ പഠനത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം.

ഓൺലൈൻ പഠനാന്തരീക്ഷത്തിൽ ഭാഷാപഠനത്തിലും കാര്യമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പഠിതാക്കൾക്ക് സൗകര്യപ്രദവും, ആസ്വാദ്യകരവുമായ രീതിയിൽ പാഠഭാഗങ്ങൾ ലഭിക്കുന്നുണ്ട്. കവിതകൾ പഠിക്കേണ്ട അവസരത്തിൽ അത് ചൊല്ലി അവതരിപ്പിച്ച ഓഡിയോകളും, കവിതയുമായി ബന്ധമുള്ള മറ്റ് വ്യവഹാര രൂപങ്ങളും കാണുന്നതുവഴി ആശയം കൃത്യമായി മനസിലാക്കാനും, വിമർശനാത്മകമായി ചിന്തിക്കാനും കഴിയുന്നു. ഓൺലൈൻ പഠനത്തിന്റെ മറ്റൊരു സൗകര്യം എന്തെന്നാൽ നമ്മുടെ ആശയങ്ങൾ പ്രസിദ്ധീകരിക്കാൻ സാധിക്കുന്നുവെന്നതാണ്. ഒരേ സമയം അനേകം പേർക്ക് ഒറ്റ വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സാധിക്കുന്നുണ്ട്.ഇതിലൂടെ അറിവിൻറെ കൈമാറ്റമാണ് നടക്കുന്നത്.

അക്ഷരങ്ങളുടെ എഴുത്തും ഉച്ചാരണവും സംബന്ധിച്ച് കുട്ടികൾക്കിടയിൽ ആശങ്കകൾ നിലനിൽക്കുന്നുണ്ട്. സൈബർ പഠനാന്തരീക്ഷത്തിന് ഒരു പരിധി വരെ അതിൽ മാറ്റം വരുത്താനായിട്ടുണ്ട്. അക്ഷരങ്ങൾ എവിടെ എങ്ങനെ ഉച്ചരിക്കണമെന്ന് ഫലപ്രദമായ വീഡിയോകളിലൂടെ കുട്ടികൾക്ക് മനസിലാക്കാനാവുന്നു. അതിൽ തന്നെ പ്രാദേശിക ഭാഷാ വൈവിധ്യങ്ങളെ ഉൾപ്പെടുത്തി കൊണ്ട് ഭാഷാപഠനം കൈകാര്യം ചെയ്യാൻ ആവുന്നുവെന്നത് പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നാണ്. ഓൺലൈൻ പഠനമേഖലയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് വിവരങ്ങൾ സൂക്ഷിച്ചു വെക്കാനുള്ള സൗകര്യമാണ്. വിദ്യാഭ്യാസ ഗവേഷണരംഗത്ത് പ്രവർത്തിക്കുന്ന ചിന്തകർക്കും, ഗവേഷകർക്കും അത് സഹായകരമാവും. ക്ലാസ് മുറിയിലെ അനുഭവങ്ങൾ ഓൺലൈൻ പഠനത്തിൽ ലഭിക്കുന്നില്ല എന്നത് ഒരു പോരായ്മ തന്നെയാണ്. ഒരു വ്യക്തിയെ രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കാളിയാക്കുക എന്നതുകൂടിയാണ്

വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. സാമൂഹിക ജീവിയായി വളരുന്നതിൽ ക്ലാസ് മുറികൾ വഹിക്കുന്ന പങ്ക് വലുതാണ്. അത്തരം അനുഭവങ്ങളുടെ കൈമാറ്റം ഓൺലൈൻ വിദ്യാഭ്യാസത്തിൽ താരതമ്യേന കുറവാണ്.

ആഗോളവൽക്കരണത്തിന്റെയും വ്യവസായികവൽക്കരണത്തിന്റെയും ഭാഗമായി ഓൺലൈൻ പഠനവും ഇപ്പോൾ വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഒരുപാട് പഠനസഹായികളായ വെബ്സൈറ്റുകൾ, ആപ്പുകൾ, യൂട്യൂബ് ചാനലുകൾ എന്നിവ ഇന്ന് വിപണിയിൽ ലഭ്യമാണ്. ബൈജൂ, എൻടി, ബ്രൈൻസ്സ്റ്റെപ്പ്, സൈലം തുടങ്ങി ഒരുപാട് സംരംഭങ്ങൾ ഇന്ന് പൊതുസമൂഹത്തിൽ എത്തികഴിഞ്ഞു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം തന്നെ പാഠ്യപാഠ്യേതര വിഷയങ്ങളിലെ വിദ്യാർത്ഥികളുടെ കഴിവ് വർദ്ധിപ്പിക്കാനും ഇവ സഹായിക്കുന്നു. ഭാഷയെയും ഭാഷാപഠനത്തെയും കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാൻ സൈബറിടങ്ങൾക്ക് സാധിക്കട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഗ്രന്ഥസൂചി**

1. ജിതേഷ്, ടി. സൈബർലോകവും സംസ്കാരവും, വിജ്ഞാനകൈരളി, ഒക്ടോബർ, 2013.
2. ജോസ്. കെ മാനുവൽ, സൈബർ ആധുനികതയും മലയാളിയും, ഭാഷാപോഷിണി, മാർച്ച്, 2017.
3. ബിന്ദു സചിവോത്തമപുരം, നവമാധ്യമം –ആമുഖ പഠനം, വിജ്ഞാനകൈരളി, ആഗസ്റ്റ്, 2015.
4. മഞ്ജുള കെ. വി, മലയാളസാഹിത്യവും സൈബർകഥകളും, വിജ്ഞാനകൈരളി, ഫെബ്രുവരി, 2006.
5. മിനിദേവി. ബി, സൈബർ സ്പെയ്സ്, വിജ്ഞാനകൈരളി, സെപ്റ്റംബർ 2006.
6. രാജശേഖരൻ. എസ്, പരിസ്ഥിതിദർശനം: കലയും പ്രകൃതിയും, വിജ്ഞാന കൈരളി, സെപ്റ്റംബർ, 2006.
7. രാജേഷ്, എം.ആർ, ജനപ്രിയസംസ്കാരവും ദൃശ്യമാധ്യമങ്ങളും, വിജ്ഞാനകൈരളി, 2006.
8. സുനീത, ടി.വി, സൈബർ സ്വാധീനം മലയാളസാഹിത്യത്തിൽ, വിജ്ഞാനകൈരളി, വിജ്ഞാനകൈരളി, 2014

•

**Copyright@ REST Publisher**